അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു വരുന്നു. ന്യൂനപക്ഷപ്രദേശങ്ങളിലെ സ്കൂളുകളിൽ ന്യൂനപക്ഷഭാഷയിൽ പഠനം നടത്തുവാൻ സമാന്തരക്ലാസ്സുകൾ അനുവദിക്കാറുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും ഭാഷാ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 5% സംവരണം നൽകി വരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിവരുന്ന വിവിധ മത്സരപരീക്ഷകളിൽ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിൽ പരീക്ഷ എഴുതുവാനുള്ള അനുവാദം നൽകി വരുന്നു. ഇതുകൂടാതെ പുതുതായി പദ്ധതികളൊന്നും ആരംഭിക്കുവാൻ തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

ഇതുകൂടാതെ മഞ്ചേശ്വരത്ത് തുളുഭാഷയുടെ ഉന്നമനം ലക്ഷ്യമാക്കി തുളു അക്കാഡമി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സർക്കാർ സർവ്വീസിലേക്ക് ആശ്രിത നിയമനം ലഭിക്കുന്നതിന് പാലിക്കേണ്ട നിയമങ്ങൾ

20 (4357) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലേക്ക് ആശ്രിതനിയമനം നൽകുന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ആശ്രിത നിയമനം ലഭിക്കുന്നതിന് അർഹരായവർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി & സി) ആശ്രിത നിയമനം ലഭിക്കുന്നതിന് അർഹരായവർ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ 24-5-1999-ലെ സ.ഉ(പി) 12/99/ഉ.ഭ.പ.വ.നം. ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ ഉള്ളടക്കം ചെയ്യുന്നു.*

വിരമിക്കൽ തീയതി ഏകീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

21 (4358) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ റിട്ടയർമെന്റ് തീയതി ഏകീകരിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly